## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3951. 27.06. 2012-ൽ മറുപടിയ്ക്ക്**

## സൊസൈറ്റി വഴി പാവപ്പെട്ടവർക്ക് ധനസഹായം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിന് സൊസൈറ്റി വഴി ധനസഹായം ആവശ്യപ്പെട്ട് 2011 ജൂൺ 1 മുതൽ 2012 മെയ് 31 വരെ എത്ര അപേക്ഷകൾ ലഭിച്ചു; അതിൽ എത്ര പേർക്ക് ആനുകൂല്യം അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ; | (എ) | പാവപ്പെട്ടവർക്ക് വൈദ്യസഹായം നൽകുന്നതിന് സൊസൈറ്റി വഴി ധനസഹായം ആവശ്യപ്പെട്ട് 2011 ജൂൺ 1 മുതൽ മെയ് 31 വരെ 5300 അപേക്ഷകൾ ലഭിച്ചു. അതിൽ 1028 പേർക്ക് ആനുകൂല്യം അനുവദിച്ചു. ജില്ലതിരിച്ചുള്ള കണക്ക് താഴെ പറയുന്നു. |

| | |
|---|---|
| തിരുവനന്തപുരം | 170 |
| കൊല്ലം | 107 |
| ആലപ്പുഴ | 74 |
| പത്തനംതിട്ട | 33 |
| കോട്ടയം | 49 |
| എറണാകുളം | 23 |
| ഇടുക്കി | 21 |
| തൃശ്ശൂർ | 19 |
| കോഴിക്കോട് | 75 |
| കണ്ണൂർ | 159 |
| മലപ്പുറം | 159 |
| പാലക്കാട് | 88 |
| കാസർഗോഡ് | 33 |
| വയനാട് | 18 |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം രോഗങ്ങൾക്കായുള്ള ചികിത്സയ്ക്കാണ് ധനസഹായം അനുവദിക്കുന്നത്; | (ബി) | മസ്തിഷ്ക ശസ്ത്രക്രിയ, ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, കരൾ മാറ്റിവയ്ക്കൽ, പേസ് മേക്കർ സ്ഥാപിയ്ക്കൽ, ആഞ്ജിയോപ്ലാസ്റ്റി, ക്യാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ), ഡയാലിസിസ്, ട്യൂമർ, അസ്ഥി സംബന്ധമായ ശസ്ത്രക്രിയകൾ, കാൽമുട്ട് മാറ്റിവയ്ക്കൽ തുടങ്ങിയവയ്ക്ക് സൊസൈറ്റിയുടെ അംഗീകൃത ആശുപത്രികളിലെ ചികിത്സകൾക്കാണ് സാമ്പത്തിക സഹായം അനുവദിയ്ക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് 2012 - 2013 സാമ്പത്തിക വർഷത്തേയ്ക്ക് നീക്കി വയ്ക്കപ്പെട്ട തുക അപര്യാപ്തമാണെന്ന് ആക്ഷേപം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അധിക തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | സൊസൈറ്റി വഴി പാവപ്പെട്ടവർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിക്ക് 2012 - 2013 സാമ്പത്തിക വർഷത്തേയ്ക്ക് നീക്കി വയ്ക്കപ്പെട്ട തുക അപര്യാപ്തമാണെന്ന് ആക്ഷേപം ശ്രദ്ധയിലില്ല. |

സെക്ഷൻ ഓഫീസർ